## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 156** **26.09. 2011-ൽ മറുപടിക്ക്.**

### നെയ്യാറ്റിൻകര മണ്ഡലത്തിൽ പോലീസ് വകുപ്പിനുകീഴിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ. സെൽവരാജ് | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 22 പുതിയ പോലീസ് ക്വാർട്ടേഴ്സുകൾ പണിയുന്നതിനും, പോലീസ് സ്റ്റേഷനും, സബ്ഡിവിഷൻ ഓഫീസിനും മന്ദിരം പണിയുന്നതിനും സർക്കാർ നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രസ്തുത കെട്ടിടങ്ങളുടെ പണി തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) പ്രസ്തുത പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്നും, പണി പൂർത്തീകരിക്കേണ്ട സമയ പരിധിയെത്രയെന്നുമുള്ള വിവരം ലഭ്യമാക്കുമോ ? | : (എ) & (ബി)<br>നെയ്യാറ്റിൻകരയിൽ 22 ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ പണിയുന്നതിന് 170.50 ലക്ഷം രൂപ പോലീസ് സേനയുടെ ആധുനികവൽക്കരണ പദ്ധതി 2010-11 (പാർട്ട്-ബി)-ൽ ഉൾപ്പെടുത്തി കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകിയിട്ടുണ്ട്. പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ കെ.പി.എച്ച്.സി.സി. സ്വീകരിച്ചു വരുന്നു. നെയ്യാറ്റിൻകര ഡിവൈ.എസ്.പി. ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ തുക കെ.പി.എച്ച്.സി.സി.യ്ക്ക് അനുവദിച്ച് നൽകിയിട്ടുള്ളതും, ഈ കെട്ടിടം പണിയുന്നതിന് ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിച്ചുംവരുന്നു. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷൻ നിർമ്മാണത്തിന് 2011-12-ലെ |

(മറുപുറം)

ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞാൽ ലോവർ സബോർഡിനേറ്റ് ക്വാർട്ടേഴ്സ് 15 മാസം കൊണ്ടും, ഡിവൈ.എസ്.പി. ഓഫീസ് 6 മാസം കൊണ്ടും, പോലീസ് സ്റ്റേഷൻ 9 മാസം കൊണ്ടും പൂർത്തീകരിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ